"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.എൽദോ ജോസഫ് (സീനിയർ ക്ലർക്ക്, കുന്നത്തുനാട് താലൂക്ക് ഓഫീസ്)-ന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

സ.ഉ.(സാധാ) നം.101/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/01/2021

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന

3 27.05.2017-ലെ സ.ഉ(സാധാ)നം.1752/2017/തസ്വഭവ

4 02.02.2019-ലെ സ.ഉ(സാധാ)നം.238/2019/തസ്വഭവ

5 06.03.2020-ലെ സ.ഉ(സാധാ)നം.565/2020/തസ്വഭവ

6 കുടുംബശ്രീ ഡയറക്ടറുടെ 01.12.2020-ലെ 6160/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം കുന്നത്തുനാട് താലൂക്ക് ഓഫീസിലെ സീനിയർ ക്ലർക്ക് ആയ ശ്രീ.എൽദോ ജോസഫ്-നെ പരാമർശം (3) ലെ സർക്കാർ ഉത്തരവ്വ പ്രകാരം കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി നിയമിക്കുകയും പരാമർശം (4), (5) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 31.05.2020 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 31.05.2020-ന് അവസാനിച്ചതായും 01.06.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6)-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എൽദോ ജോസഫ്-ന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01.06.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.എൽദോ ജോസഫ് (ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്,എ)കേരള
തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ